# രാജ്യത്തെ ആദ്യ ഡിജിറ്റൽ ലോക് അദാലത്തുമായി രാജസ്ഥാൻ

ജയ്പൂർ: രാജ്യത്തെ ആദ്യ ഡിജിറ്റൽ ലോക് അദാലത്ത് രാജസ്ഥാൻ അവതരിപ്പിച്ചു. ജയ്പൂരിൽ നടന്ന അഖിലേന്ത്യ ലീഗൽ സർവീസസ് അതോറിറ്റി യോഗത്തിൽ നൽസ ചെയർമാൻ ഉദയ് ഉമേഷ് ലളിതാണ് എഐ അധിഷ്ഠിത ഡിജിറ്റൽ ലോക് അദാലത്ത് അവതരിപ്പിച്ചത്.

രാജസ്ഥാൻ സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ സംരംഭം രൂപകൽപ്പന ചെയ്ത് വികസിപ്പിച്ചത് സാങ്കേതിക സഹകാരിയായ ജൂപിറ്റൈറ്റസ് ജസ്റ്റിസ് ടെക്നോളജീസാണ്. ഡിജിറ്റൽ വേർതിരിവില്ലാതെ നീതി സാധാരണക്കാർക്ക് കൂടി ലഭ്യമാകുന്ന തരത്തിലാണ് ഗവേഷണത്തിലൂടെ ജൂപിറ്റൈറ്റസ് ഡിജിറ്റൽ ലോക് അദാലത്ത് രൂപകൽപ്പന ചെയ്തത്.

ഇതുവഴി വെബ്, മൊബൈൽ, സിഎസ്സികൾ തുടങ്ങിയവയിലൂടെ ഗ്രാമങ്ങളിൽ പോലും താങ്ങാവുന്ന രീതിയിൽ മറ്റു സേവനങ്ങൾ പോലെ തന്നെ നിയമകാര്യ സേവനങ്ങളും ലഭ്യമാക്കാനാകും. രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഖേലോട്ട്, നീതി ന്യായ വകുപ്പ് മന്ത്രി കിരെൻ റിജ്ജു, ഇന്ത്യൻ ചീഫ് ജസ്റ്റിസ് എൻ. വി. രമണ എന്നിവർ പങ്കെടുത്തു.